	വരുമാനപരിധി (₹)
വികലാംഗർക്കുള്ള സ്കോളർഷിപ്പ്	36,000
ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കുള്ള ധനസഹായം	24,000
വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകളിൽ പഠിക്കുന്ന വികലാംഗരായ കുട്ടികൾക്ക് സ്റ്റൈപ്പന്റ്	24,000

ട്രോമാ കെയർ യൂണിറ്റുകൾ

142 [446] *ശ്രീ. വി. കെ. ചന്ദ്രൻ:*
,, *വി. ചെന്താമരാക്ഷൻ:*
,, *എം. വി. ഗോവിന്ദൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നതുമൂലം ദേശീയപാത യുടെയും സംസ്ഥാനപാതയുടെയും സമീപമുള്ള ആശുപത്രികളിൽ അടിയന്തിര വൈദ്യസഹായത്തിന്റെ ആവശ്യം കണക്കിലെടുത്ത് ട്രോമാ കെയർ യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി 2005-06-ലെ ബഡ്ജറ്റിൽ എന്തു തുകയാണ് നീക്കിവച്ചിട്ടു ള്ളത്;

(സി) ട്രോമാ കെയർ യൂണിറ്റുകൾ തുടങ്ങാൻ കഴിയാത്ത ആശുപത്രികളിൽ ഇന്റൻസീവ് കെയർ യൂണിറ്റ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മെഡിക്കൽ കോളേജ് ആശുപത്രികളിൽ ട്രോമാ കെയർ സംവിധാനം നിലവിലുണ്ട്. ഈ സംവിധാനങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരി ച്ചുവരുന്നു. ദേശീയ പാതയുടെയും സംസ്ഥാന പാതയുടെയും സമീപമുള്ള ആശുപത്രികളിൽ അടിയന്തിരവൈദ്യസഹായത്തിന്റെ ആവശ്യം കണക്കിലെടുത്ത് ട്രോമാ കെയർ യൂണിറ്റുകൾ ആരംഭിക്കുവാനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ ട്രോമാ കെയർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 2005-2006-ലെ ബഡ്ജറ്റിൽ കെട്ടിടനിർമ്മാണം ഒഴികെയുള്ള മറ്റ് ആവശ്യങ്ങൾക്ക് പ്രത്യേക തുക വകയിരുത്തിയിട്ടില്ല. എന്നിരുന്നാലും കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

കോളേജുകളിൽ ട്രോമാ കെയർ സെന്റർ നവീകരിക്കുന്നതിനായി യഥാക്രമം 142 ലക്ഷം രൂപയും 144.86 ലക്ഷം രൂപയും കേന്ദ്ര സഹായമായി അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ട്രോമാ കെയർ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 40 ലക്ഷം രൂപയും ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. മറ്റ് ആശുപത്രികളിൽ ട്രോമാ കെയർ ആരംഭിക്കുന്നതിനായി 2005-06-ലെ ബഡ്ജറ്റിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഇന്റൻസീവ് കെയർ യൂണിറ്റുകൾ എല്ലാ ആശുപത്രികളിലും സ്ഥാപിക്കുന്നതിന് വലിയ സാമ്പത്തിക ബാദ്ധ്യതയുള്ളതിനാൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഘട്ടംഘട്ടമായി മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കുന്നതിന് നടപടി

143 [447] *ശ്രീ. പി. എസ്. സുപാൽ:*
,, *കെ. പി. രാജേന്ദ്രൻ:*
,, *പി. നാരായണൻ:*
,, *മാങ്കോട് രാധാകൃഷ്ണൻ:*
,, *എൻ. രാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കുന്നതിനും അവയുടെ പ്രവർത്തനങ്ങളിൽ ഏതെങ്കിലും തരത്തിൽ ഇടപെടുന്നതിനും സർക്കാരിന് അധികാരം ഉണ്ടോ;

(ബി) സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ ആശുപത്രികളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് ഏതെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) സ്വകാര്യ ആശുപത്രികളിലും, ഹൈടെക് ആശുപത്രികളിലും ഉയർന്ന ഫീസും, വിദഗ്ദ്ധ പരിശോധനയ്ക്ക് വലിയ തോതിൽ ചാർജ് ഈടാക്കുന്നതുമായ പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) സ്വകാര്യ ആശുപത്രികളിൽ ഡോക്ടർമാർ, നഴ്സുമാർ, പാരാ മെഡിക്കൽ സ്റ്റാഫ്, ടെക്നീഷ്യൻസ് തുടങ്ങിയവരുടെ യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ടോ; യോഗ്യതയില്ലാത്തവരെ കണ്ടെത്തുന്നതിന് പരിശോധന നടത്താൻ ഇന്ന് എന്തെങ്കിലും സംവിധാനമുണ്ടോ;

(ഇ) സ്വകാര്യ ആശുപത്രികൾ രജിസ്റ്റർ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly